# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.754** **29.09.2016 ൽ മറുപടിക്ക്**

**പൊതുമരാമത്ത് പ്രവൃത്തികൾക്ക് സ്റ്റീൽ വാങ്ങുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.കെ.സി.മമ്മത് കോയ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സർക്കാർ ഉടമസ്ഥതയിലുള്ള ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സിൽ ഉല്പാദിപ്പിക്കുന്ന സ്റ്റീൽ മറ്റേതൊരു കമ്പനിയോടും കിടപിടിക്കുന്ന ഗുണനിലവാരം ഉള്ളതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സർക്കാർ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സ്റ്റീൽ സർക്കാർ ഉടമസ്ഥതയിലുള്ള ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സിൽ നിന്നും വാങ്ങി ഉപയോഗിക്കുന്നതിന് ആവശ്യമായ പരിഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ബി) പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാറുകാർക്ക് സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള സ്റ്റീൽ ഏത് കമ്പനിയിൽ നിന്നും വാങ്ങുന്നതിന് സ്വാതന്ത്ര്യമുണ്ട്. ഡിപ്പാർട്ട്മെന്റ് മുഖേന സ്റ്റീൽ വാങ്ങി നൽകുന്ന പതിവ് നിലവിലില്ല. കരാറുകാർ വാങ്ങിക്കൊണ്ടു വരുന്ന മെറ്റീരിയൽസിന്റെ ഗുണ നിലവാരം പരിശോധിച്ചശേഷമാണ് പ്രവൃത്തികൾക്ക് ഉപയോഗിക്കാനുള്ള അനുവാദം നൽകി വരുന്നത്. എന്നാൽ ഒരു പ്രത്യേക സ്ഥലത്ത് നിന്ന് സ്റ്റീൽ വാങ്ങണമെന്ന് നിഷ്കർഷിക്കാൻ വ്യവസ്ഥയില്ല. എന്നാലും സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**